## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- അന്യത്ര സേവനം അവസാനിച്ച ശേഷം ഡോ. ജൗഹർ.കെ.റ്റിയ്ക്ക് ഓർത്തോപീഡിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. ഇ എ1- 33740/17/ആ.കു.വ തീയതി 14.11.2017
2. ഡോ. ജൗഹർ.കെ.റ്റി സമർപ്പിച്ച അപേക്ഷ
3. മേലെഴുത്ത് നമ്പർ ഇ.എ6 -80037/2021/ആ.വ.ഡ തീയതി 08.11.2021

**ഉത്തരവ് നം. ഇ.എ1- 66138/2020/ആ.വ.ഡ തീയതി 29.11.2021**

അസിസ്റ്റന്റ് സർജനായിരിക്കെ അന്യത്ര സേവനത്തിൽ പ്രവേശിച്ച ഡോ. ജൗഹർ. കെ.റ്റിയ്ക്ക് പരാമർശം (1) പ്രകാരം ജൂനിയർ കൺസൾട്ടന്റ് (ഓർത്തോപീഡിക്സ്) തസ്തികയിൽ സ്ഥാനം നൽകുകയും അന്യത്ര സേവനത്തിൽ തുടരുവാൻ അനുമതി നൽകുകയും ചെയ്തിരുന്നു.

അന്യത്ര സേവനം അവസാനിച്ചതിനാൽ ആരോഗ്യവകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിക്കുവാൻ നിയമന ഉത്തരവിനായി പരാമർശം (2) പ്രകാരം ടിയാൻ അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, ഡോ. ജൗഹർ.കെ.റ്റിയെ **പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ഓർത്തോപീഡിക്സ്)** തസ്തികയിലേക്ക് പരാമർശം (3) പ്രകാരം നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡോ. ജൗഹർ.കെ.റ്റി, **01.12.2021** തീയതിയ്ക്കകം ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്. മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

പൊതുസ്ഥലംമാറ്റം 2021 നടപടികൾ തുടർന്നുവരുന്നതിനാൽ ആവശ്യമെങ്കിൽ ഈ ഉത്തരവ് പുനഃപരിശോധിക്കുന്നതാണ്.

**ഒപ്പ്**
**ഡോ. വി.ആർ.രാജു**
**അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്)**
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്
ഡോ. ജൗഹർ.കെ.റ്റി, ജൂനിയർ കൺസൾട്ടന്റ് (ഓർത്തോപീഡിക്സ്)

പകർപ്പ്:
1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), പത്തനംതിട്ട
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. സൂപ്രണ്ട്, ജനറൽ ആശുപത്രി പത്തനംതിട്ട
4. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**